**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗ കലാ മേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കിർത്താഡ്സിൽ വർഷം തോറും നടത്തിവരുന്ന ഗോത്രവർഗ്ഗ കലാ മേളയായ 'നിറതിങ്ക'യുടെ സംഘാടന നിർവ്വഹണ ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (എ) | **കിർത്താഡ്സ് വകുപ്പ് തന്നെയാണ് 'നെറതിങ്ക' എന്ന പേരിൽ നടത്തുന്ന ഗോത്രകലാമേള സംഘടിപ്പിക്കുന്നത്.** |
| (ബി) | പ്രസ്തുത മേളയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ ഭാഗത്തുനിന്നും സഹായം നൽകി വരുന്നുണ്ടോ; | (ബി) | **'നെറതിങ്ക' പൂർണ്ണമായും കേന്ദ്ര/സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് നടത്തി വരുന്നത്.** |
| (സി) | ഒരു വർഷം മേളക്ക് എത്ര രൂപ ചെലവഴിക്കാറുണ്ട്; | (സി) | സംസ്ഥാന സർക്കാർ ധനസഹായത്താൽ 2022-23 വർഷം 11.59 ലക്ഷം രൂപയും, 2023-24 വർഷം 19.33 ലക്ഷം രൂപയും **'നെറതിങ്കയ്ക്കായി ചെലവഴിച്ചിരുന്നു.**<br><br>**2024-25 വർഷം കേന്ദ്ര സർക്കാർ ധനസഹായം കൊണ്ട് നടത്തിയ 'നെറതിങ്ക' യുടെ ബിൽ സെറ്റിൽമെന്റ് അവസാന ഘട്ടത്തിലാണ്. നിലവിൽ 53.71 ലക്ഷം രൂപ ചെലവായിട്ടുണ്ട്.** |
| (ഡി) | മേളയുടെ നടത്തിപ്പിന് ഏതെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **'നെറതിങ്ക' യ്ക്കായി അതാത് വർഷം തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് സർക്കാർ അംഗീകാരം നൽകിയാണ് മേള നടത്താറുള്ളത്.** |

സെക്ഷൻ ഓഫീസർ